സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾ

10 [448] *ശ്രീ. എ. സി. ഷണ്മുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ബ്ലോക്കിലുള്ള പനങ്ങാട്, ബാലുശ്ശേരി, അത്തോളി, ഉള്ളിയേരി എന്നീ പഞ്ചായത്തുകളിലും ചേളന്നൂർ ബ്ലോക്കിലുള്ള എലത്തൂർ, തലക്കളത്തൂർ, നൻമണ്ട എന്നീ പഞ്ചായത്തുകളിലും സ്വന്തമായി കെട്ടിടം ഇല്ലാത്ത എത്ര അംഗൻവാടികൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിന് ഐ. സി. ഡി. എസ്. പ്രോജക്ടിൽ നിന്നും നിർദ്ദേശം എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം അംഗൻവാടികൾക്കാണ് എന്നും ഇത് സംബന്ധിച്ച അനുവാദം എന്ന് നൽകുമെന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ) (സി) വിവരം ശേഖരിച്ചുവരുന്നു.

അംഗൻവാടി ജീവനക്കാരുടെ സേവന-വേതനം സംബന്ധിച്ച ചട്ടം

11 [449] *ശ്രീ. സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) അംഗൻവാടി ജീവനക്കാരുടെ സേവന-വേതനം സംബന്ധിച്ച് പൊതുവായ ചട്ടം ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) അംഗൻവാടി ജീവനക്കാർക്ക് പി. എസ്. സി. മുഖേനയുള്ള നിയമനത്തിൽ എന്തെങ്കിലും ഇളവ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ എന്നും ഇല്ലെങ്കിൽ സർവ്വീസിന്റെ അടിസ്ഥാനത്തിൽ പ്രായപരിധി അടക്കമുള്ള കാര്യങ്ങളിൽ ഇളവ് അനുവദിക്കുമോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് 27,351 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അംഗൻവാടി ജീവനക്കാരുടെ നിലവിലുള്ള സേവന-വേതനം പരിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിന് പൊതുവായ ചട്ടം ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടില്ല.

(സി) അംഗൻവാടി ജീവനക്കാർക്ക് പി. എസ്. സി. മുഖേനയുള്ള നിയമനത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിലെ ഐ. സി. ഡി. എസ്. സൂപ്പർവൈസർ തസ്തികയിൽ പി. എസ്. സി. നിയമനത്തിന് 10 വർഷം സർവ്വീസുള്ളതും എസ്. എസ്. എൽ. സി. പാസ്സായതുമായ അംഗൻവാടി വർക്കർമാർക്ക് 25% സീറ്റ് വകുപ്പിന്റെ വിശേഷ ചട്ടപ്രകാരം നീക്കിവച്ചിട്ടുണ്ട്. കൂടാതെ മേൽ നിയമനത്തിന് സേവനദൈർഘ്യം അനുസരിച്ച് പ്രായപരിധിയിൽ 50 വയസ്സുവരെ ഇളവ് അനുവദിച്ചിട്ടുണ്ട്.

അംഗൻവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

12 [450] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) ഇതിനായി സർക്കാർ നിശ്ചയിച്ച കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ്;

(സി) ഈ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സേവന -വേതന വ്യവസ്ഥകൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സാമൂഹ്യക്ഷേമ വകുപ്പു മുൻ ഡയറക്ടറെ ഏകാംഗ കമ്മീഷനായി നിയമിച്ചിരുന്നു.

(സി) ഉണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ലാത്ത സാഹചര്യത്തിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമല്ല.

അംഗൻവാടി ജീവനക്കാർക്ക് ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് നടപടി

13 [451] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗൻവാടി ജീവനക്കാർക്ക് ഇപ്പോൾ നൽകിവരുന്ന ഓണറേറിയം എത്രയാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly